(ബി) ഇല്ലെങ്കിൽ കോഴ്സിന് കേരളാ യൂണിവേഴ്സിറ്റിയുടെ അംഗീകാരം നൽകുന്നതിനുവേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ചില നിബന്ധനകൾക്ക് വിധേയമായി ലൈബ്രറി സയൻസ് ഡിഗ്രി കോഴ്സുകൾ യു.ജി.സി. തലത്തിലുള്ള ഉയർന്ന തസ്തികകളിലേയ്ക്ക് പ്രമോഷന് പരിഗണിക്കുന്നതിന് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള നടപടി യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കൗൺസിലുകളാണ് കൈക്കൊള്ളേണ്ടത്.

കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ

67(489) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിന്നു അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ ;

(സി) സ്വകാര്യകോളേജ് അദ്ധ്യാപക നിയമനത്തിന് നിയന്ത്രണം എന്തെങ്കിലും എപ്പോഴെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ കോളേജുകളിലെ അദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവുകളെല്ലാം അടിയന്തിരമായി പി.എസ്.സി.യെ അറിയിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വന്ന പ്രീഡിഗ്രി അബോളിഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രീഡിഗ്രി വേർപെടുത്തൽ പ്രക്രിയ പൂർണ്ണമായാൽ മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ രണ്ട് ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്.

(സി) പ്രീഡിഗ്രി അബോളിഷൻ ആക്ട് പ്രകാരം ഏർപ്പെടുത്തിയ അദ്ധ്യാപക നിയമന നിരോധനം സ്വകാര്യ കോളേജുകൾക്കും ബാധകമാണ്.

(ഡി) നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly